നാല്

# ആദാനപ്രദാനങ്ങളുടെ സുവിശേഷകൻ

ഒ.എൻ.വി. കുറുപ്പ്

**വാ**ഴ്ത്തപ്പെട്ടവനും മഹാനുമായ ഒരു വൈദികനും മഹാത്മജനും സാസ്കാരിക സാമൂഹ്യ പ്രവർത്തകനും അതിനെല്ലാമുപരിയായി ക്രിസ്തു ദേവന്റെ ശുശ്രൂഷാപദങ്ങളെ മനസ്സുകൊണ്ടും ശരീരംകൊണ്ടും അക്ഷരാർത്ഥത്തിൽ പിൻതുടർന്നു 19-ാം നൂറ്റാണ്ടിൽ ഈ കേരളത്തിന്റെ മണ്ണിൽ മഹനീയങ്ങളായ ഒരുപാടൊരുപാട് നന്മകളുടെ പൂക്കൾ വിടർത്തിയ പുണ്യാത്മാവുമായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കാലികമായി നമ്മിൽനിന്നും വേർപിരിഞ്ഞുവെങ്കിലും ആത്മീയമായി നമ്മുടെ മനസ്സിലും ധ്യാനങ്ങളിലും ദിവ്യദീപ്തിയോടെ കൂടുതൽ കൂടുതൽ സജീവമായി പ്രസരിച്ചുവളർന്നുവരുന്ന ഈ യുഗപുരുഷന്റെ പാവനസ്മൃതിയുടെ മുന്നിൽ പ്രണാമമർപ്പിച്ചുകൊണ്ട് ഒരനുസ്മരണ പ്രഭാഷണം നടത്തുവാൻ നിയോഗിക്കപ്പെട്ടത് വലിയൊരു സുകൃതമായും ബഹുമതിയായും ഞാൻ കാണുന്നു.

19-ാം നൂറ്റാണ്ടിന്റെ പ്രഭാതത്തിൽ ജനിച്ചു 19-ാം നൂറ്റാണ്ടിന്റെ അസ്തമയത്തിനു മുൻപുതന്നെ ദേഹവിയോഗം ചെയ്ത മഹാനായ ആ യുഗപുരുഷനെ പൊതുസമൂഹത്തിന്റെ മുൻപിൽ അവതരിപ്പിക്കുക പ്രത്യക്ഷമാത്രയിൽ എളുപ്പമായി തോന്നാം. പക്ഷെ 65 വർഷവും 326 ദിവസവും മാത്രം നീണ്ട ഹ്യസ്വമെന്നു പറയാവുന്ന ആ ആയുസ്സിലെ നാളുകൾകൊണ്ട് ആ മഹാത്മജൻ നടന്നു തികച്ച കാലദൂരത്തിന്റെ വ്യാപ്തിയും പ്രാപ്തിയും മനസ്സിലാക്കുമ്പോൾ മഹാസാഗരത്തിന്റെ മുൻപിൽ നിൽക്കുമ്പോഴെന്നപോലെ മനസ്സ് അവനമ്രമാകാതെ വയ്യ. അവിടെയും ഒരു പ്രപഞ്ചവ്യവസ്ഥ ആശ്വാസമായെത്തുന്നു. ഓരോരുത്തർക്കും അവനവനു എടുക്കാവുന്നതുപോലെ എടുക്കുവാൻ പാകത്തിന് ചില മഹത്തായ പ്രതിഭാസങ്ങൾ പ്രകൃതിയിലുണ്ട്. മഹാസാഗരത്തിന്റെ ആഴമളക്കുവാൻ കേവലർ നമുക്കാവില്ല, മഹാസമസ്യകളുടെ പൊരുളത്രയും ഉരുക്കഴിക്കുവാനും നാമശക്തരാണ്.

പക്ഷെ കടൽ നമുക്കു കാണാം. കാണുമ്പോൾ ഇതു മുഴുവനും കുടിച്ചു തീർക്കണമെന്നു നമുക്കു തോന്നാറില്ല. കടലിൽ നമ്മൾ ഇറങ്ങിനിൽക്കും. നമ്മുടെ പരിമിതമായ കൈക്കുമ്പിളിൽ കുറച്ചു വെള്ളം കോരി എടുക്കും. പക്ഷെ ആ ഇത്തിരി വെള്ളമല്ല കടൽ. ഒരു കുമ്പിൾ വെള്ളം കോരി കടലിനെ കോരിയെടുത്തു എന്നു പറഞ്ഞാൽ അതു ശരിയാകുമോ? എന്റെ ഒരു പേരക്കുട്ടി ഒരിക്കൽ കടലിൽ ഇറങ്ങിനിന്ന് കടലിൽ നിന്നും കുറച്ചു വെള്ളം കോരിയെടുത്തിട്ട് *മുത്തശ്ശാ ഞാൻ കടൽ കോരി എടുത്തല്ലോ* എന്നു പറഞ്ഞു. അതു സത്യമാണോ? ആ കുമ്പിൾ വെള്ളം കടലാകുമോ? അല്ല, പക്ഷെ അതും കടലിന്റെ ഭാഗമാണ്. അതും കൂടി ചേർന്നതാണ് കടൽ.

തനിക്ക് കോരിയെടുക്കാവുന്നതുപോലെ ചാവറയച്ചൻ അദ്ദേഹത്തിന്റെ ആത്മീയവും സാംസ്കാരികവും സാമൂഹികവും പരിഷ്കരണപരവും ഒക്കെ ആയിരിക്കുന്ന ബഹുമുഖമായ കർമ്മപരിപാടികളിലൂടെ ഒരു കുമ്പിൾ എടുത്തു സമൂഹത്തിനുമേൽ അനുഗ്രഹധാരയായി ചൊരിയുകയായിരുന്നു. ആ കുമ്പിൾ കടലിൽ നിന്നു ആവതുപോലെ കുറച്ചു കോരിയെടുക്കുവാനാണ് എന്റെ എളിയ ശ്രമം.

19-ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ ഭാരതത്തിന്റെ നവോത്ഥാന കാലഘട്ടമാണ് എന്നു പറയാറുണ്ട്. ചരിത്രകാരന്മാരെല്ലാം അങ്ങിനെയാണ് രേഖപ്പെടുത്തുന്നതും. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 1805 ലാണു ചാവറയച്ചന്റെ ജനനം. മഹാപ്രതിഭകളായ പലർക്കും ജന്മംകൊടുത്തിട്ടുള്ള കുട്ടനാടു പ്രദേശത്തെ ഗ്രാമത്തിലാണ് അദ്ദേഹം പിറന്നത്. അന്നത്തെ കുട്ടനാട് എങ്ങനെയായിരുന്നു എന്നു മനസ്സിലാക്കുന്നതിന് തകഴിയുടെ *കയർ* വായിച്ചാൽ മതി. തന്റെ ദേശത്തിന്റെ പശ്ചാത്തലത്തിൽ കേരളീയമനുഷ്യജീവിതത്തിന്റെ അടരുകൾ *കണ്ടെഴുത്ത്* നടക്കുന്നതിനും മുൻപുള്ള കാലം മുതൽ കണ്ടെടുത്തു പരിശോധിക്കുന്ന ഇതിഹാസ തുല്യമായ ഒരു നോവലാണ് *കയർ*. അതിലെ ആദ്യപാദത്തിന്റെ തൊട്ടു ചേർന്നുള്ള ചരിത്രപ്രകൃതമാണ് ചാവറയച്ചന്റെ ജന്മപശ്ചാത്തലം. അദ്ദേഹം ജനിക്കുന്ന കാലത്ത് തദ്ദേശീയ ക്രൈസ്തവ സഭകൾക്ക് ഇവിടെ അർഹമായ പരിഗണന ലഭിച്ചിരുന്നില്ല.

ക്രൈസ്തവ സഭകളുടെ ചരിത്രം പരിശോധിക്കുമ്പോൾ ക്രിസ്ത്വാബ്ദത്തിന്റെ ഒന്നാം നൂറ്റാണ്ടിൽ തന്നെ ക്രിസ്തുമതം കേരളത്തിൽ വന്നിട്ടുണ്ടെന്നു നാം കാണുന്നു. കേരളത്തിൽ മാത്രമായല്ല; ഇന്ത്യയിലാകെത്തന്നെ. ക്രിസ്തു ശിഷ്യനായ സെന്റ് തോമസ് കേരളത്തിൽ വന്നിറങ്ങിയ കഥ ഐതിഹ്യമായല്ല ചരിത്രമായിത്തന്നെയാണല്ലോ തെളിവുകൾ സാക്ഷ്യപ്പെടുത്തുന്നത്. ഇവിടെയെത്തി എമ്പാടും പര്യടനങ്ങൾ നടത്തി അവിടെയെല്ലാം അദ്ദേഹം ക്രിസ്തുമതത്തിനു പ്രചാരം നൽകി; പിന്നീട് ചെന്നൈയിൽ പോയതുമൊക്കെ നാം ചരിത്രത്തിന്റെ ഭാഗമായി അറിയുന്നു. നിയതമായ ഒരു രൂപരേഖയനുസരിച്ചോ പ്രത്യേകിച്ചൊരു പദ്ധതിപ്രകാരമോ അല്ലാതെ ചിന്നി

ച്ചിതറി പലയിടത്തായി ക്രിസ്തുമതത്തിന്റെ വിത്തുകൾ പൊട്ടിക്കിളിർത്ത് ഒരു സമൂഹധാരയായി വളർന്നു വരികയായിരുന്നു. സ്വാഭാവികമായ കാല പ്രവാഹത്തിനൊപ്പമാണ് ആ മതം ഇവിടെ വേരുകൾ നേടിയത്. സംഘടിതമായി എന്നോ സുശിക്ഷിതമായി എന്നോ അതിനെ വിശേഷിപ്പിക്കുവാനാവില്ല. ഇവിടെയും അവിടെയും ആയിട്ട് ഓരോരോ തരത്തിൽ ഓരോരോ പ്രവർത്തനങ്ങളിലേർപ്പെട്ടു ക്രിസ്തുമതം ഇന്ത്യയിൽ പൊതുവെയും കേരളത്തിലും വിശേഷിച്ചും അതിന്റെ സാന്നിദ്ധ്യം അറിയിക്കുകയായിരുന്നു.

അവിടെ ഒരു പ്രത്യേകത നാം അടിവരയിടേണ്ടതായുണ്ട്. അതു കാണുമ്പോഴാണ് നമ്മുടെ ഈ ഇന്ത്യ ഒരത്ഭുതമാണ് എന്നു നമുക്ക് മനസ്സിലാകുന്നത്.

എന്താണാ അത്ഭുതം എന്നു ചോദിച്ചാൽ ഒരു ചെറിയ ഉദാഹരണം മാത്രം ഞാൻ പറയാം.

പാശ്ചാത്യദേശത്തുനിന്ന് കിഴക്കു ദിക്കിലേക്ക് വന്നിരുന്ന നാവികരെ സംബന്ധിച്ചിടത്തോളം ഈ കിഴക്കു ദിക്കു വളരെയധികം സമ്പന്നമായ മോഹിപ്പിക്കുന്ന ഒരു തീരമായിരുന്നു. ഇന്ത്യയുടെ തെക്കേയറ്റമാകട്ടെ സുഗന്ധദ്രവ്യങ്ങളുടെ പേരിൽ കൂടുതൽ പ്രസിദ്ധവുമായിരുന്നു. സർദാർ കെ.എം. പണിക്കരുടെ ഭാഷയിൽ പറഞ്ഞാൽ, (അദ്ദേഹം പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും കാലഘട്ടത്തിലെ കേരളത്തിന്റെ ചരിത്രം പഠിച്ചെഴുതിയിട്ടുള്ള ആളാണ്.) കേരളത്തിലെ *സുഗന്ധദ്രവ്യങ്ങളുടെ സുഗന്ധം* പാശ്ചാത്യരെ വളരെയധികം *പ്രലോഭിപ്പിക്കുകയുണ്ടായി.* ആ പ്രലോഭനം കൊണ്ടാണ് *മണം പിടിച്ചു മണംപിടിച്ച് ഭീമൻ കാട്ടിലേക്ക് മണം പിടിച്ചു പോകുന്നതുപോലെ ധാരാളം കപ്പലുകൾ കേരളതീരം തേടി* പുറപ്പെട്ടത്.

അവയിൽ ചിലത് ആഫ്രിക്കൻ തീരത്താണു ചെന്നെത്തിയത്. അവിടെ അവർക്ക് ലഭിച്ച എതിരേൽപ്പ് ഏതു വിധമായിരുന്നു? എവിടെ നിന്നെന്നറിയാത്ത ഒരമ്പ് അവരുടെ തൊട്ടു മുന്നിലായി നിലത്തു വന്നു ആഞ്ഞു തറയ്ക്കും. മരങ്ങളുടെ മുകളിലും മറ്റും പതുങ്ങി നിന്ന് ആ നാട്ടുകാരായവർ അയക്കുന്ന താക്കീതിന്റെ സൂചനയാണത്. സാവേജസ് എന്നോ ബാർബേറിയൻസ് എന്നോ പറയാവുന്ന അവരുടെ മുന്നറിയിപ്പിന്റെ അർത്ഥം *നീ ശത്രുവാണ്, നിനക്കിവിടെ പ്രവേശനമില്ല. തിരിച്ചുപോവുക* എന്നാണ്. അവരുടെ മയമില്ലാത്ത ഈ പ്രതിരോധത്തെ അതിജീവിച്ചു മുൻപോട്ടു പോകണമെങ്കിൽ പടവെട്ടി പൊരുതി വേണ്ടിയിരുന്നു

എന്നാൽ കേരളതീരത്തു വന്നവർക്ക് ലഭിച്ച എതിരേൽപ്പോ? സെന്റ് തോമസിന്, വാസ്കോഡിഗാമയ്ക്ക്?

കൊളോണിയലിസത്തിന്റെ രഹസ്യ അജണ്ടയുമായാണു ഗാമ 1498 ൽ കാപ്പാടു കടപ്പുറത്തു വന്നിറങ്ങിയത്. വ്യാപാരത്തിനുള്ള വിശാലമായ ഒരു

സമ്പന്ന മേഖല ലക്ഷ്യമാക്കിയായിരുന്നു വരവ്. തന്റെ പായ്ക്കപ്പൽ കടലിൽ കരയോടടുത്തു നങ്കൂരമിട്ടു നിറുത്തി തോണിയിൽ കരയ്ക്കു വന്നിറങ്ങിയപ്പോൾ സാമൂതിരിപ്പാടിന്റെ ആളുകൾ വെറ്റില നൽകി കുടിക്കാൻ ഇളനീർ കൊടുത്തു അദ്ദേഹത്തെ എതിരേറ്റു!

അതാണീ മണ്ണിന്റെ പാരമ്പര്യം, സംസ്കൃതി.

ഗാമയെപ്പോലല്ല സെന്റ് തോമസ് വന്നത്. സുഗന്ധദ്രവ്യങ്ങൾ ഇവിടെ നിന്നും തീരുവ കൊടുക്കാതെ വാങ്ങുകയായിരുന്നില്ല ആ വരവിന്റെ ലക്ഷ്യം. തന്റെ ഉള്ളിലുള്ള ആത്മീയ സുഗന്ധത്തെ ഇവിടെ വ്യാപിപ്പിക്കുവാനാണു അദ്ദേഹം കരയിറങ്ങിയത്. പൂവിനൊരിക്കലും അതിന്റെ സുഗന്ധം ഒളിപ്പിക്കുവാനാവില്ലല്ലോ. അതു വ്യാപിപ്പിക്കുവാൻ, പ്രസരിപ്പിക്കുവാൻ ഇവിടെയിറങ്ങിയ അദ്ദേഹം ഇവിടെയുള്ള സുഗന്ധങ്ങളെ അറിയുവാനും ആദരിക്കുവാനും കൂടി തയ്യാറായി. ആ മനസ്സോടെയാണു അദ്ദേഹം വന്നതും ഇവിടെ വ്യാപരിച്ചതും. അതൊരു മഹത്തായ മനസ്സാണ്. ഉന്നതമായ സമീപനമാണ്. ആദാനപ്രദാനത്തിലൂടെ ആത്മീയമായ ഏകീഭാവമുണ്ടാക്കുക എന്ന അതിശ്രേഷ്ഠമായ കർമ്മപദ്ധതിയാണ്. ആ മനോസ്ഥിതത്തോടെയാണ് ക്രൈസ്തവത ഇവിടെ വളർന്നുവന്നത്.

അതിന്റെ പ്രസരണ തുടർച്ചയിലെ ഏറ്റവും സമുജ്ജ്വലമായ 19-ാം നൂറ്റാണ്ടിൽ ഇന്ത്യയുടെ തെക്കെയറ്റത്തെ ഈ സംസ്ഥാനത്തിന്റെ ഏറ്റവും ദീപ്തമായ പ്രതീകമായാണ് ചാവറ പുണ്യാളച്ചനെ ഞാനാദരിക്കുന്നത്.

പ്രേഷിത പ്രവർത്തനത്തിനു മുന്നോടിയായി പരിവൃത്തത്തിന്റെ സോഷ്യൽ ഫേബ്രിക്, സമൂഹത്തിന്റെ ഊടുംപാവും, അദ്ദേഹം അകതാരിൽ നന്നായി നെയ്തെടുത്തു. അതദ്ദേഹം പൂർണ്ണമായും ഉൾക്കൊണ്ടു. ആ പശ്ചാത്തലത്തിൽ ഉൾച്ചേർന്നു. ആ കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ നന്നായി മനസ്സിലാക്കിയെടുത്തു.

എന്തായിരുന്നു കുട്ടനാട്ടിലെ അന്നത്തെ സാഹചര്യം?

അവിടത്തെ ചേറിലും ചെളിയിലും മണ്ണിലും പണി ചെയ്യുന്ന ആ മണ്ണിനേക്കാളും സൂക്ഷ്മമായി കാണപ്പെട്ടിരുന്ന, പാവങ്ങളിൽ പാവങ്ങളായ മനുഷ്യർ ഇവിടെയുണ്ടായിരുന്നു. അവരെയും സമൂഹം *ഹിന്ദുക്കൾ* എന്നാണു പേരിട്ടു വിളിച്ചിരുന്നത്. പക്ഷെ ഹിന്ദുത്വത്തിന്റേതായ സംസ്കൃതികളൊന്നും തന്നെ ഒന്നു തൊടാനോ കാണാനോ പോലും ഉള്ള അവകാശം അവർക്കുണ്ടായിരുന്നില്ല. ഭാരതമെന്നതു ഉപനിഷത്തുക്കളുടെയും വേദങ്ങളുടെയും മഹത്തായിരിക്കുന്ന ഇതിഹാസങ്ങളുടെയും പുരാണങ്ങളുടെയും സംസ്കൃത സാഹിത്യത്തിന്റെയും ഏതാണ്ടു തത്തുല്യമായി വളർന്നു വന്ന ഭാഷാഭേദങ്ങളുടെയുമൊക്കെ രാജ്യമാണു എന്നു വമ്പു പറയാറുണ്ട്. പക്ഷെ ആ സംസ്കൃതി പുരസ്കൃതമായിരിക്കുന്ന എല്ലാ വിജ്ഞാനവും ഉപനയനം കഴിച്ചു ഉപവീതം ധരിച്ച ഒരുപിടി ആളുകളുടെ മടിക്കുത്തിൽ കുത്തകയായി

ഒളിപ്പിച്ചു വയ്ക്കുന്ന ഒരു സമ്പ്രദായമാണ് ഇവിടെ നിലനിന്നിരുന്നത്. അവർക്കേറ്റവും ആവശ്യമായിരുന്ന ക്ഷത്രിയനും വൈശ്യനും വരെ അതി ലൊരംശം കുറച്ചൊക്കെ ആകാം എന്ന ഒരു സൗമനസ്യമാണ് അവർ പരമാ വധി കാണിച്ചിരുന്നത്. അതിന്റെ ഏറ്റവും താഴേത്തട്ടിലുള്ള ഒരു വർഗ്ഗമുണ്ട്; ശൂദ്രൻ. അവരാണ് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളവർ. ശൂദ്രനു അക്ഷ രസംയുക്തനാകുവാനുള്ള അവകാശവും അനുവാദവും ഉണ്ടായിരുന്നില്ല. സമൂഹത്തെ നാലായി തരംതിരിച്ചത് തൊഴിൽപരമായ ആവശ്യത്തിനാണെ ന്നതായിരുന്നു ന്യായവാദം. ആത്മീയമായി *പ്രപഞ്ചമേ നീയും ഞാനും നിനക്കും എനിക്കും തമ്മിലെന്ത്?* എന്ന ചിന്ത ഒരു ബ്രാഹ്മണനു മാത്രമേ ഉണ്ടാകൂ എന്നായിരുന്നു ശാഠ്യം. മറ്റുള്ളവർക്കതു നിഷിദ്ധമായിരുന്നു. അസ്ത്രശസ്ത്രങ്ങൾ എടുത്തു പ്രയോഗിക്കുവാനുള്ള അധികാരം ക്ഷത്രി യനു മാത്രമായിരുന്നു. വൈശ്യരാകട്ടെ താരതമ്യേന ദുർബ്ബലരുമായിരുന്നു. ഇന്ത്യൻ സമൂഹത്തിൽ അതൊരു കമ്മ്യൂണൽ ക്ലാസായിരുന്നു. ആ കമ്മ്യൂ ണൽ ക്ലാസ് മുകളിലുള്ളവർക്കു വിധേയമായിരുന്നു. ഇവർക്കും വേണ്ടിക്കൂ ടി, കുമാരനാശാൻ പറഞ്ഞതുപോലെ, *എല്ലാവർക്കും വേണ്ടി ഉഴാനും നടാനും കൊയ്യാനും കറ്റ തല്ലാനും മെതിക്കാനും കൂടാനും* ഇവിടെ ശൂദ്രരാ ണുണ്ടായിരുന്നത്. ഇങ്ങനെ വളരെ പ്രാകൃതമായ ഒരു സോഷ്യൽ ഫാബ്രിക് ആണ് ഇവിടെ ഉണ്ടായിരുന്നത്.

ഈ ഫാബ്രിക്കിനെ പിച്ചിച്ചീന്തി അതിനകത്ത് ആധുനികതയുടെ ഒരു പുതിയ പ്രകാശംപരത്തുവാനുള്ള യത്നം പശ്ചാത്യദേശത്തുനിന്നും വന്ന ചിലരിൽ നിന്നുമുണ്ടായി. കൊളോണിയലിസം ഇവിടെ കടന്നാക്രമിച്ചപ്പോൾ പാശ്ചാത്യരെ നാം വെറുത്തുവെങ്കിലും അവരുടെ ഈ സംഭാവന കാണാ തിരിക്കരുത്. ആ സംഭാവനയ്ക്ക് ഒരാത്മീയ ചൈതന്യം കൈവന്നപ്പോൾ ലാഭത്തിന്റെയും കച്ചവടത്തിന്റെയും അജണ്ടകൾക്കപ്പുറത്ത് അതിനൊരു പ്രസക്തിയുണ്ടായി. ഇരുളിൽ തപ്പുന്ന മനുഷ്യന് ആ ചൈതന്യം വെളിച്ചം പകർന്നു കൊടുക്കുവാൻ ശ്രമിച്ചു.

ചാവറയച്ചൻ 1846 ൽ മാന്നാനത്ത് സംസ്കൃതസ്കൂൾ സ്ഥാപിച്ചുവെന്നും അവിടെ അവർണ്ണർക്കും പ്രവേശനം നൽകി എന്നും നാം ചരിത്രത്തിൽ വായിക്കുന്നു.

മഹാകവി കുമാരനാശാന്റെ അനുഭവം നാമോർക്കണം. നാട്ടിൽ ചില രിൽനന്നാണ് സംസ്കൃതത്തിന്റെ ആദ്യരുചി അദ്ദേഹം നുകരുന്നത്. അതു പോരെന്നു അദ്ദേഹത്തിനു തോന്നി. സംസ്കൃതം പഠിക്കുവാനും തർക്ക ശാസ്ത്രങ്ങളും തത്വശാസ്ത്രങ്ങളും സ്വായത്തമാക്കുവാനുമുള്ള അദ്ദേഹ ത്തിന്റെ അഭിനിവേശത്തിനു കേരളത്തിൽ വഴി സാദ്ധ്യതകൾ വേണ്ടവിധം ലഭിച്ചില്ല. കൽക്കത്തയിലേക്കും ബാംഗ്ലൂരിലേക്കുമൊക്കെ പോകേണ്ടി വന്നു അതിന്. കൽക്കത്തയിലെ ഹിന്ദു കോളേജിലാണ് കേരളത്തിലെ

നവോത്ഥാന കവി സംസ്കൃതത്തിൽ ഉപരിപഠനം നടത്തിയത്. അവർണ്ണനെ സംസ്കൃതം ആ അളവിൽ പഠിപ്പിക്കുവാൻ അന്നും സമൂഹമനസ്സ് ഇന്നാട്ടിൽ സന്നദ്ധമായിക്കഴിഞ്ഞിരുന്നില്ല. നാട്ടാശാൻമാരുടെ സഹായത്തോടെ പരമാവധി വീട്ടിലിരുന്ന് പഠിക്കാം. അതിനപ്പുറം ഒരു സാദ്ധ്യതയുമില്ലാതിരുന്ന കാലത്താണ് ചാവറയച്ചൻ അവർണ്ണർക്കും സ്വാഗതം എന്നുറക്കെ പ്രഖ്യാപിച്ചുകൊണ്ടു സംസ്കൃതസ്കൂൾ സ്ഥാപിക്കുന്നത്. പക്ഷെ അതൊരു പ്രാഥമിക പഠനതലമായിരുന്നു. അതിനപ്പുറം പഠിക്കണമെന്നാഗ്രഹിക്കുന്നവർക്കു മുൻപിൽ അപ്പോഴും വഴികൾ അടഞ്ഞുതന്നെയാണ് കിടന്നത്. അതുകൊണ്ടാണ് മലയാളത്തിന്റെ അഭിമാനമായി മാറാനിരുന്ന കവിക്ക് സംസ്കൃതത്തിൽ ഉപരിപഠനത്തിന് മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ടിവന്നത്.

ഒരിക്കൽ സാഹിത്യഅക്കാദമിയുടെ പ്രതിനിധികളായി ഞങ്ങൾ മൂന്നുനാലുപേർ കൽക്കട്ട സന്ദർശിച്ചു. ഹിന്ദു കോളേജിൽ പോകണമെന്നു തോന്നി. ഹിന്ദു കോളേജ് എന്നു കേൾക്കുമ്പോൾ തെറ്റിദ്ധരിക്കരുത്. ഹിന്ദു എന്നാൽ ഇവിടെ അർത്ഥം ഇന്ത്യൻ എന്നാണ്. ഇന്ത്യാക്കാരായ ആളുകൾക്കു വേണ്ടി പ്രത്യേകം ഉണ്ടാക്കിയ കോളേജ് ആയതുകൊണ്ട് ഹിന്ദു കോളേജ് എന്നു പേരുവിളിച്ചു. ഇംഗ്ലീഷിനേക്കാൾ അവിടെ പ്രാധാന്യം ഇന്ത്യൻ ഭാഷകൾക്കായിരുന്നു. ബാലി സംസ്കൃതം, ഇന്ത്യൻ സംസ്കൃതം, ഇന്ത്യൻ തത്വശാസ്ത്രം, ഇന്ത്യൻ ദർശനങ്ങൾ എന്നിവയിൽ സമഗ്രപഠനത്തിനുള്ള അവസരങ്ങൾ ഒരുക്കിക്കൊണ്ട് ഇന്നും സജീവമാണ് ഈ കോളേജ്. ഞങ്ങൾ അവിടെ ചെന്നപ്പോൾ ആ പോർട്ടിക്കോയിലെ മണ്ണിൽ തൊഴുതു തൊട്ടൊന്നു നെറ്റിയിൽ വച്ചു. അതു കണ്ടപ്പോൾ ആതിഥേയരായ കൽക്കത്തയിലെ പബ്ലിക് റിലേഷൻസ് ഉദ്യോഗസ്ഥർക്ക് അത്ഭുതം. ഞങ്ങളുടെ മഹാകവി സംസ്കൃതത്തിന്റെ ദർശനങ്ങൾ പഠിക്കാനായി പ്രതിസന്ധികളെയൊക്കെ തരണം ചെയ്തുവന്നെത്തിയ കോളേജിനോടുള്ള ഞങ്ങളുടെ ഭക്ത്യാദരവ് അവരെങ്ങിനെ അറിയാൻ!

കൽക്കത്തയിൽ ഹിന്ദു കോളേജിന്റെ പോർട്ടിക്കോയിലെ മണ്ണു തൊട്ടു നെറുകയിൽ വച്ചപ്പോഴുള്ളതിനു സമാനമായ മാനസിക ഭാവത്തോടെയും ആദരവോടെയുമാണ് സാമൂഹ്യ പരിഷ്കർത്താവായ ചാവറയച്ചന്റെ പവിത്രമായ സ്മരണയേയും ഞാൻ സമീപിക്കുന്നത്. കുമാരനാശാനെപ്പോലുള്ള മഹാ തേജസ്വിയുടെ മുൻപിൽ പോലും വിലക്കുകൾ തീർത്ത സമൂഹമാണിവിടെ ഉണ്ടായിരുന്നത്. അതിനും മുൻപുള്ള കാലത്താണ് അന്ധകാരം, പ്രാകൃതമായ അരുതുകൾകൊണ്ടു കൂടുതൽ ഇരുട്ടു വ്യാപിപ്പിച്ചിരുന്ന പത്തൊൻപതാം നൂറ്റാണ്ടിന്റെ പ്രഭാതത്തിൽ ആ കുട്ടനാടിന്റെ തീരത്തിൽ 1805ൽ അദ്ദേഹം ജനിച്ചത്. അൽപ്പായുസ്സെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുക വയ്യ; ദീർഘായുസ്സുമായിരുന്നില്ല. അർദ്ധ പുരുഷായുസ്സെത്തുമ്പോഴേക്കും അദ്ദേഹം ദിവംഗതനായി. അതിനിടയിൽ അദ്ദേഹം വ്യാപരിച്ച

മേഖലകളും അനുഷ്ഠിച്ച സേവനങ്ങളുമാണ് അദ്ദേഹത്തെ കാലാതിശയിയാക്കുന്നത്.

ആ കാലത്ത് അക്ഷര സംയുക്തരാവാനർഹരല്ലാത്ത ഈ നാട്ടിലെ പച്ചപ്പാവങ്ങൾക്കു വേണ്ടി, സർവ്വ സാധാരണക്കാർക്കുവേണ്ടി, അവരെ സംസ്കൃതം പഠിപ്പിക്കുന്നതിന് വേണ്ടി, ആദ്യമായൊരു സ്കൂൾ തുടങ്ങി എന്നതു ചെറിയ വിപ്ലവമായിരുന്നില്ല. ഇന്നു കേൾക്കുമ്പോൾ അതിലിത്ര വലിയ കാര്യമെന്ത് എന്നു തോന്നാം. മുട്ടിനു മുട്ടിനു പള്ളിക്കൂടം വാരിക്കോരി കൊടുക്കുന്ന ഒരു സംസ്ഥാനത്ത് ചാവറയച്ചനൊരു പള്ളിക്കൂടം തുടങ്ങി എന്നതിനെ അങ്ങിനെ ലഘൂകരിച്ചുകണ്ടുകൂടാ.

ഏതുകാലത്ത്, ഏതു സാഹചര്യത്തിൽ? അതാലോചിക്കണം.

സംസ്കൃതം പഠിക്കുവാൻ അർഹതയില്ലെന്ന് നിയമപരമായി വിലക്കപ്പെട്ട മനുഷ്യർക്കു സംസ്കൃതം പഠിക്കുവാൻ ഒരു സ്ഥാപനമുണ്ടാവുകയായിരുന്നു. അതു സ്ഥാപിച്ചതോ ക്രിസ്ത്യാനിയായ ഒരു മനുഷ്യൻ; ഒരു താപസ വൈദികൻ. സാമൂഹീകമായ ബലംകൊണ്ടാണദ്ദേഹം അതു സാധിച്ചത്. ആശാൻ കളരിയിലല്ലാതെ ഔപചാരികമായ സ്കൂൾ വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത വ്യക്തിയായിരുന്നു ചാവറയച്ചൻ എന്നാണു ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. സംസ്കൃതത്തിൽ അദ്ദേഹത്തിനു താൽപര്യമുണ്ടായിരുന്നു. അതദ്ദേഹം പോഷിപ്പിച്ചെടുത്തത് സ്വപ്രയത്നം മൂലവും നാട്ടാശാന്മാരുടെ സഹായത്തോടെയുമാവണം. സംസ്കൃതത്തിൽ എത്രത്തോളം പാണ്ഡിത്യം അദ്ദേഹം നേടിയിരുന്ന എന്നറിയില്ല. പക്ഷെ ഉള്ള അറിവ് അദ്ദേഹത്തിന്റെ ഭാഷാ സംസ്കൃതിക്കൊരു പിൻബലമായിരുന്നു. തമിഴിലും അദ്ദേഹം വഴക്കം നേടിയിരുന്നു എന്നും ഇറ്റാലിയനും, സുറിയാനിയും. ലാറ്റിനും പോർച്ചുഗീസും അദ്ദേഹത്തിന് വശമായിരുന്നു എന്നും ജീവിതസായാഹ്നത്തിൽ സ്പാനിഷ് ഭാഷ വശത്താക്കുവാൻ ശ്രമിച്ചിരുന്നു എന്നും ആദരവോടെയാണ് മനസ്സിലാക്കുന്നത്. അറിവിന്റെ ഈ തലം... സ്വപ്രയത്നത്താൽ അതാർജ്ജിക്കുവാനുള്ള അടങ്ങാത്ത ത്വര.... അതായിരുന്നു അദ്ദേഹത്തിന്റെ ഊർജ്ജം. ആ പിൻബലം ഉപയോഗിച്ച് മലയാളത്തിൽ മനോഹരമായ കുറെ കവിതകൾ അദ്ദേഹം എഴുതിയിട്ടുമുണ്ട്.

അങ്ങനെ എഴുതിയ മറ്റൊരു വൈദികനാണ് *അർണ്ണോസ് പാതിരി. കുരിശിൽ നിന്നിറക്കി മടിയിൽ കിടത്തിയ മകന്റെ ജഡത്തിന്റെ മുൻപിൽ വിലപിക്കുന്ന കന്യാമറിയത്തിന്റെ ഒരു ശിൽപ്പം, പിയാത്തോ, മൈക്കിൾ ആഞ്ചലോ കാലാതിവർത്തിയായി കൊത്തിവച്ചിട്ടുണ്ട്. അത്തരമൊരു നിമിഷ ശിൽപ്പത്തെ മനസ്സിൽ സങ്കൽപ്പിച്ചുകൊണ്ട് അദ്ദേഹമെഴുതിയ മനോഹരമായ

---

* John Ernest Hagsalder എന്നു മുഴുവൻ പേര്. Ernest എന്നതിന്റെ ദേശ്യമാണത്രെ അർണ്ണോസ്.

ഒരു കാവ്യം ഇവിടെ എമ്പാടും ക്രൈസ്തവ ഗൃഹങ്ങളിൽ ചൊല്ലിയിരുന്നു. പക്ഷേ അതിന്റെ കൈയെഴുത്തുപ്രതി എവിടെ എന്നന്വേഷിക്കുമ്പോൾ നാം കുറ്റബോധത്താൽ ലജ്ജിക്കേണ്ടിവരും; അതുപോലെതന്നെ ഹെർമൻ ഗുണ്ടർട്ടിന്റെ പുത്തൻ പാനയുടെ കൈയെഴുത്തു പ്രതിയും. ജർമ്മനിയിൽ പുരിഞ്ചർ യൂണിവേഴ്സിറ്റിയാണ് ആദരപൂർവ്വം ഇതു പരിരക്ഷിച്ചിരിക്കുന്നത്. അവിടത്തെ ലൈബ്രററിയിൽ ഒരു മുഖ്യസ്ഥാനത്ത് ഇവ പ്രതിഷ്ഠിച്ചിരിക്കുന്നത് നേരിൽ കണ്ടപ്പോൾ അഭിമാനം തോന്നി; കുറച്ചൊരു വിഷമവും; ഇതു ഭദ്രമായി സൂക്ഷിച്ചു വയ്ക്കുവാൻ നമ്മുടെ യൂണിവേഴ്സിറ്റികൾക്കായില്ല; പുരിഞ്ചറിന്റെ സന്മനസ്സുവേണ്ടി വന്നല്ലോ എന്നോർത്ത്.

ആധുനികതയുടെ പ്രകാശരശ്മികൾ ആത്മീയതയുടെ പേരിലായാലും നവോത്ഥാന കാലത്തിന്റെ സൂചകങ്ങൾ എന്ന നിലയിലായാലും ശരി, പ്രാകൃതമായ നമ്മുടെ സാമൂഹിക വ്യവസ്ഥയുടെ ഊടും പാവും കുത്തിക്കീറി സമൂഹമനസ്സിന്റെ ഉള്ളറകളിലേക്ക് പ്രവഹിപ്പിച്ച ആദ്യത്തെ യുഗപുരുഷനാണ് ചാവറയച്ചനെന്നു സംശയലേശമെന്യേ പറയാം. അങ്ങനെയുള്ള ചാവറയച്ചന്റെ കൃതികൾ അന്യംനിന്നുപോയില്ല എന്നതു ഭാഗ്യമാണ്. അതു വേണ്ട തരത്തിൽ പഠിക്കുവാനും വേണ്ട തരത്തിൽ അതു മനസ്സിലാക്കുവാനും സ്വാംശീകരിക്കുവാനും പിൻതലമുറകൾക്കു സാധിച്ചിട്ടുണ്ടോ? അൽപ്പമെങ്കിലും സാധിച്ചിട്ടുണ്ടെങ്കിൽ എന്താണതിനു സഹായകമായ കാരണം എന്നെനിക്കറിയില്ല. ഏതു കാര്യത്തിനും ഒരു കാരണമുണ്ട് എന്നാണല്ലോ Cause and Effect സിദ്ധാന്തം പറയുന്നത്. ഏതു ഫലത്തി(Effect)നും അതിന്റേതായ ഒരു ഹേതു (Cause) ഉണ്ട്. ഷെയ്ക്സ്പിയർ ഒഥല്ലോയിൽ പറയുന്നതുപോലെ You are the cause and you are the effect എന്നു വേണം പറയുവാൻ. ഇങ്ങനെ അപഗ്രഥിച്ചു പറയുവാൻ ഞാനൊരു ഗവേഷകനൊന്നുമല്ല; എങ്കിലും എളിയ മനസ്സിൽ നിന്നു പറയട്ടെ. നവോത്ഥാനത്തിന്റെ ഉദയം എന്നു നാം പറയുന്നു. നവോത്ഥാനം എന്നു പറഞ്ഞാൽ തന്നെ ഉദയം എന്നാണ്. അതിന്റെ ആരംഭം എന്നു പറയുന്നത് 19- ാം നൂറ്റാണ്ടിന്റെ ദശകങ്ങളാണെന്ന് ഇന്ത്യയുടെ ചരിത്രം എഴുതി പഠിപ്പിച്ച ബ്രിട്ടീഷുകാരും മറ്റും നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. അത് Effect ആയി കാണാമെങ്കിൽ അതിന്റെ പിന്നിലെ Cause ആയി ചരിത്രം നമുക്കു ചൂണ്ടിക്കാട്ടുന്നത് ചാവറയച്ചനെപ്പോലുള്ള സുമനസ്സുകളുടെ അർപ്പിതമായ സേവന ശുശ്രൂഷകളെയാണ്. അദ്ദേഹം സ്ഥാപിച്ച സഭകൾ കേരളത്തിൽ പ്രഭാവം നേടിക്കൊണ്ടു അനുവർത്തിച്ചുപോന്ന തുടർ പ്രസരണവും ഈ Effect ലെത്തുവാനും അതു തുടർന്നു വ്യാപിച്ചു ദീപ്തമാകുവാനും നിർണ്ണായകമായി സഹായിച്ച ഘടകങ്ങളാണ്.

അന്നത്തെ സമൂഹം പ്രാകൃതമായിരുന്നു. മുൻപേ സൂചിപ്പിച്ച ചാതുർവർണ്യം മൂലം അകം ജീർണിച്ചു പുഴുത്തതായിരുന്നു അതിന്റെ ഘടന.

പക്ഷെ എന്നിരിക്കിലും ഇന്ത്യക്ക് അതിമഹത്തായ ഒരു സാംസ്കാരിക ചൈതന്യം എങ്ങിനെയോ എവിടെയോ ജ്വലിച്ചു നിന്നു പോന്നിരുന്നു. ബ്രാഹ്മണ സമുദായത്തെ അന്ധമായി ചെറുതാക്കി കാണുവാൻ ഞാൻ തയ്യാറല്ല. അവരുടെ കൂട്ടത്തിൽനിന്നും വളരെ വലിയ ആളുകളുണ്ടായിട്ടുണ്ട്. അതംഗീകരിക്കാതെ വയ്യ. പക്ഷെ ആദ്യമേ അത് അംഗീകരിച്ചുകൊണ്ടു തന്നെ നാമൊരു സത്യം തിരിച്ചറിയണം.

ജൂലിയസ്സും ഒഡിസ്സിയും ചേർത്തുവച്ചാലും ഉള്ളതിലും വലുപ്പമുള്ള ഇതിഹാസമാണ് *മഹാഭാരതം*. അതുപോലെ തന്നെ മഹത്തായ ഒരിതിഹാസമാണ് അതിനു മുൻപുണ്ടായിരുന്ന *വാൽമീകി രാമായണം*. ഈ രാമായണമെന്ന ഇതിഹാസവും മഹാഭാരതമെന്ന ഇതിഹാസവും രണ്ടും ബ്രാഹ്മണ പ്രാപ്തമല്ല. ബ്രാഹ്മണ പ്രേരിതമെന്നത് സംസ്കൃത പ്രയോഗമാണ്. ബ്രാഹ്മണന്റെ മുഖത്തു നിന്നും വന്നതല്ല എന്നർത്ഥം.

ആരായിരുന്നു വാൽമീകി? വനാന്തരങ്ങളിൽ കട്ടും കൊന്നും തിന്നും പിടിച്ചുപറി തൊഴിലാക്കിയിരുന്ന ഒരു മനുഷ്യൻ, പ്രാകൃതൻ; കാട്ടാളൻ. ആ കാട്ടാളനാണ് പിന്നീടു കവിയായത്.

ആരായിരുന്നു വ്യാസൻ? ജാതിയെന്തായിരുന്നു? അരയൻ, മുക്കുവൻ.

ഈ വാൽമീകിയും വ്യാസനുമൊക്കെയാണ് ഇന്ത്യയുടെ ഇതിഹാസങ്ങൾ രചിച്ചത്. ഏറ്റവും മഹത്തായ കൃതികൾ ഏതു ഭാഷയുടേതാണോ ആ ഭാഷയുടെ പിതാക്കൾ ബ്രാഹ്മണരായിരുന്നോ? അവരാരും സമൂഹത്തിൽ ജാതി ശ്രേണിയിൽ ഏറ്റവും മുകളിലിരുന്നവരാണോ, ദേവ പൂജ നിവർത്തിക്കുവാൻ ജാതി അധികാരം ഉണ്ടായിരുന്നവരാണോ? അല്ല, ഒരിക്കലുമല്ല. ഉപനിഷത്തുകൾ ഒരു ഭക്തി പ്രസ്ഥാനത്തിന്റെ സംഭാവനയായിരുന്നില്ല. ഭക്തികൊണ്ടു മാത്രം കഴിഞ്ഞുകൂടുന്നവർക്ക് ഇതു കേൾക്കുമ്പോൾ നീരസം തോന്നാം. പക്ഷേ ഒരു വസ്തുത സത്യമായുണ്ട്. *തമസോമാ ജ്യോതിർ ഗമയാ* എന്നു പറഞ്ഞയാൾ ഒരു ഭക്തനല്ല. ക്ഷേത്രങ്ങൾ തോറും ചെന്നു തുള്ളിപ്പാടി കൈമണി കൊട്ടി നടന്നവരുടെ കൂട്ടത്തിലുള്ളവനല്ല.

ക്രിസ്ത്വാബ്ദത്തിനു മുൻപും ആകാശത്തു നോക്കി അപാരതയിൽ താരാപഥത്തെ നോക്കി, ഈ അൽപമായ മനുഷ്യജീവിതത്തിന്റെ നിസ്സാരതയിൽ നിന്ന് അത്യുന്നതങ്ങളിലേക്ക് പറന്നു പോകുവാനുള്ള മനുഷ്യാത്മാവിന്റെ ചിറകടികൾ ഈ ഇന്ത്യയിൽ മുഴങ്ങിയിരുന്നു. അതു ഏറ്റവും ഭംഗിയായി സാക്ഷ്യപ്പെടുത്തുന്നതു ക്രിസ്തീയ സമൂഹം തന്നെയാണ്. ക്രിസ്തീയ ദേവാലയങ്ങൾ അർത്ഥ ഗരിമയോടെ *തമസോമാ ജ്യോതിർഗമയാ* എന്നു ഘോഷിക്കുന്നു. അതൊരു ദീപം തെളിയ്ക്കലാണ്. എന്താണതിന്റെ നാളം ഉച്ചരിക്കുന്നത്? *തമസോമാ ജ്യോതിർഗമയാ.* അതൊരു സന്ദേശത്തിന്റെ ചിഹ്നമാണ്; സിംബലാണ്, പ്രതീകമാണ്. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കുള്ള

മനുഷ്യാത്മാവിന്റെ ഈ ദാഹം തന്നെയാണ് ഉപനിഷത്തുകളിൽ നാം കാണുന്നത്.

നവോത്ഥാനകവികളിൽ ഏറ്റവും ഉന്നതമായ സ്ഥാനത്തു നിൽക്കുന്ന ഗുരുദേവനാണ് ടാഗോർ. മദിരാശിയിലും ബോംബെയിലും കൽക്കട്ടയിലും മൂന്ന് സർവകലാശാലകൾ യുറോപ്യൻ രീതിയിൽ ഇവിടെ സ്ഥാപിതമായി. അവയിലൂടെ ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യാപകമായി. ആ കാലത്ത് ഇന്ത്യൻ രീതിയിൽ ഒരു സർവ്വകലാശാല ടാഗോർ സ്ഥാപിച്ചു. ഇന്ത്യക്കാർക്ക്, ഇന്ത്യയുടെ രീതിയിൽ, നമ്മുടെ മുണ്ടശ്ശേരി മാസ്റ്ററുടെ ഭാഷയിൽ പറഞ്ഞാൽ, *ഇന്ത്യാക്കാരന്റെ രീതിയിൽ ഭാരതാബോധചരണക്രമം വേണം* എന്ന ശാഠ്യത്തിൽ നിന്നാണ് ടാഗോറിന്റെ *ശാന്തിനികേതനം* ഉണ്ടായത്. *ശാന്തിനികേതന*മാണ് *വിശ്വഭാരതി*യായി മാറിയത്. *വിശ്വഭാരതി*യുടെ നെറ്റിക്കുറിയായി എഴുതിവച്ചിരിക്കുന്നത് *ഏകവിശ്വം ഭവത് ഏകനിദം* എന്നാണ്. The whole world in one wide nest ഒരു കൂട്ടിൽ എല്ലാത്തരം പക്ഷികളും ഉറങ്ങുന്നു. ഈ സർവ്വകലാശാലയെ ലോകം മുഴുവനും അതിന്റെ ഒരു കൂടായിട്ടു കാണുന്നു. അതായിരുന്നു ടാഗോറിന്റെ മതം. പാശ്ചാത്യർ പോലും ആദരപൂർവം അത് ബഹുമാനിച്ചിരുന്നു.

ടാഗോറിനു മുൻപായിരുന്നു ചാവറയച്ചന്റെ കാലം. ദേവേന്ദ്രനാഥ ടാഗോറായിരുന്നിരിക്കണം സമകാലികൻ. ചാവറമനസ്സ് കാലത്തോടു മന്ത്രിച്ചതും ഇതേ മന്ത്രം തന്നെയായിരുന്നിരിക്കണം. ഈ മണ്ണിന്റെ സംസ്കൃതി ചാവറമനസ്സിലേക്കു പ്രവഹിപ്പിച്ച ഒരു പോസിറ്റീവ് എനർജിയുണ്ട്. ആ ഊർജ്ജമാണ് അദ്ദേഹത്തെക്കൊണ്ടു മറ്റു പലർക്കുമാവാത്ത വിധത്തിൽ സങ്കുചിതത്വം തൊട്ടു തെറിക്കാതെ എല്ലാ മതങ്ങളെയും സ്പർശിക്കുവാനും അവയിൽ നിന്നും പലതും സ്വീകരിക്കുവാനും അതിലേറെ അവർക്കു ധാരാളം അങ്ങോട്ടു കൊടുക്കുവാനും ചെയ്യുവാൻ പ്രാപ്തനാക്കിയത്. ആദാനപ്രദാനങ്ങളിലൂടെ സാദ്ധ്യമായതാണ് സാംസ്കാരികമായ ആ വലിയ വിശാലവീക്ഷണം. അതിലൂടെയാണ് അദ്ദേഹത്തിന്റെ ജീവചരിത്രം ഒരു വലിയ നവോത്ഥാന യജ്ഞത്തിന്റെ കഥയായി മാറിയത്. ഈ ലോകം മുഴുവൻ, മനുഷ്യരെ ഒന്നാകെ, ഒരേ കൂട്ടിലെ പക്ഷികളായി, ഒന്നായി അദ്ദേഹം കണ്ടു. സ്വയം സംസ്കൃതം പഠിക്കുക മാത്രമല്ല, മറ്റുള്ളവർ സംസ്കൃതം പഠിക്കുവനായി സംസ്കൃത വിദ്യാലയമുണ്ടാക്കി. അവിടെ എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിച്ചു. മലയാളത്തിൽ കവിത എഴുതി. കൈനകരിക്കാരനായ ഒരാൾ മലയാളത്തിൽ കവിത എഴുതി എന്നു പറഞ്ഞാൽ അതിലൽഭുതമെന്ത് എന്നു ചോദിക്കാം. എഴുതി എന്നതല്ല, എന്തെഴുതി എന്നതും എന്തിനുവേണ്ടി എഴുതി എന്നതുമാണ് പ്രസക്തം. അതേ അളവുമാത്ര വെച്ചാണ് നാം അർണ്ണോസ് പാതിരിയെ ആദരിക്കുന്നത്. മലയാളം പഠിച്ചാണ് അദ്ദേഹം

എഴുതിയത്. അദ്ദേഹത്തിന്റെ സന്തത സഹചാരിയായിരുന്ന ഗാലനും കുറെ മനോഹരങ്ങളായ പാട്ടുകൾ എഴുതി. നിർഭാഗ്യവശാൽ അതൊന്നും ആരും പകർത്തിവച്ചില്ല. ചില ക്രിസ്തീയ ഭവനങ്ങളിൽ അത്താഴപുറമെ ഏറെ ക്കാലം അതു പാടിക്കേട്ടിരുന്നു.

*അരനാഴികനേരം* എന്ന ചിത്രത്തിൽ ഞാനും നിങ്ങളുമൊക്കെ കേട്ടിട്ടി ഷ്ടപ്പെട്ട ഒരു ഗാനമുണ്ട്:

*സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു*
*എൻ സ്വദേശം കാണുവാനായ് ഞാൻ തനിയെ പോകുന്നു*

എന്റെ ആത്മസുഹൃത്ത് വയലാർ രാമവർമ്മയാണ് ചിത്രത്തിലെ മറ്റു പാട്ടുകൾ എഴുതിയത്. സ്വാഭാവികമായും ഈ ഗാനവും വയലാർ രചന യെന്നു കരുതി.

ഞാൻ രാമവർമ്മയോടു ചോദിച്ചു

*ഇത്ര മനോഹരമായി ഈ ക്രിസ്തീയ ഗാനം നിനക്കെങ്ങനെ എഴുതാൻ സാധിച്ചു?*

രാമവർമ്മ പറഞ്ഞു

*അത് എന്റെയല്ല. നിർമാതാവ് എം.ഒ. ജോസഫിന്റെ വീട്ടിൽ അത്താഴ ത്തിനു ശേഷം കുടുംബക്കാരെല്ലാവരും കൂടി പാടുന്ന പാട്ടാണ്. അതിലെ ഒരു വരി "ഞാനിതാ പോകുന്നു" എന്നത് "ഞാൻ തനിയെ പോകുന്നു" എന്നു മാറ്റുക മാത്രമാണ് ഞാൻ ചെയ്തത്.*

മാറ്റം ചെറുതാണെങ്കിലും അതുവരുത്തിയ അർത്ഥവ്യാപ്തി വളരെ വലു താണ്. നമ്മൾ ഈ ലോകം വെടിഞ്ഞു പോകുന്നത് എന്നും ഒറ്റയ്ക്കൊറ്റ യ്ക്കാണ്; കൂട്ടത്തോടെയല്ല. കൂട്ടത്തോടെ പോകണമെങ്കിൽ വല്ല കൂട്ടമര ണവും സംഭവിക്കണം. വരുന്നതും ഒറ്റക്കാണ്. തിരിച്ചു പോകുന്നതുമതെ. സമയമാം രഥം ഒന്നാന്തരമൊരു രൂപകാലങ്കാരമാണ്. *സമയമാം രഥത്തിൽ ഞാന് സ്വർഗ്ഗയാത്ര ചെയ്യുന്നു...* എത്ര മനോഹരമായ കൽപ്പന! ആരാണി തെഴുതിയത്. ഹീബ്രു പണ്ഡിതനായിരുന്ന *വാൾബ്രീറ്റ് നാഗൽ.* ഇവിടെ വന്നു മലയാളവും സംസ്കൃതവും പഠിക്കുകയായിരുന്നു അദ്ദേഹം.

ചാവറയച്ചൻ മലയാളിയായിരുന്നതുകൊണ്ട് നാട്ടാശാന്മാരുടെ സഹായ ത്തോടെ സംസ്കൃതത്തിൽ പ്രാഥമിക ജ്ഞാനം നേടി. സ്വപ്രയത്നത്താൽ അതു പരിപോഷിപ്പിച്ചെടുത്തു. വിദേശത്തു നിന്നും വന്നവർക്കതെത്ര പോലും പ്രാപ്യമായിരുന്നില്ല.

അർണോസ് പാതിരി സംസ്കൃതം പഠിച്ചതു ഏറെ ക്ലേശപ്പെട്ടിട്ടാണെന്നു കേട്ടിട്ടുണ്ട്. അദ്ദേഹത്തിനു ചതുരംഗം നന്നായറിയാമായിരുന്നു. നമ്മുടെ നമ്പൂ തിരിമാർക്കു ചതുരംഗം വലിയ ദൗർബല്യമായിരുന്നല്ലോ. നമ്പൂതിരിമാർ

ആനയും തേരും കുതിരയും കാലാളുമടക്കം നാലംഗങ്ങളുള്ള ചതുരംഗക്കളിയിൽ മുഴുകിയിരിക്കുമ്പോൾ അർണോസ് പാതിരി ഇവരുടെ അടുത്തു ചെന്നിരിക്കും. എന്നിട്ടു മെല്ലെ കരുനീക്കങ്ങൾ നയിച്ചുകൊണ്ടു കാതിൽ മന്ത്രിക്കും. *ആനയുന്ത്... ആളെയുന്ത്...* അതനുസരിച്ച് കരുനീക്കിയപ്പോൾ വിജയം നിശ്ചയം. ഇതറിഞ്ഞപ്പോൾ അർണോസ് പാതിരി തന്റെ പുറകിൽ വന്നിരിക്കണം എന്നു പറഞ്ഞു മത്സരവും വാശിയുമായി നമ്പൂതിരിമാർക്കിടയിൽ. അവിടെ അർണോസ് പാതിരി ഒരടവെടുത്തു. ആരു തന്നെ സംസ്കൃതം പഠിപ്പിച്ചു തരുന്നോ അയാളുടെ പുറകിൽ താനിരിക്കാം. സംസ്കൃതം അങ്ങനെ മറ്റുള്ളവർക്കൊന്നും പഠിക്കാനാവില്ലെന്നു നമ്പൂതിരിമാർ പറഞ്ഞു. പക്ഷെ അർണോസ് പാതിരി വഴങ്ങിയില്ല, ഒരുവിൽ ഓരോരുത്തരും രഹസ്യമായി അർണോസ് പാതിരിയോടു പറഞ്ഞു.

*വേറെയാരും അറിയണ്ട. പാടില്ലാത്തതാണ്. എന്നാലും ഞാൻ രഹസ്യമായി പഠിപ്പിക്കാം. ചതുരംഗത്തിൽ എന്നെ തുണയ്ക്കണം.*

നമ്പൂതിരിയെ ചതുരംഗത്തിൽ തുണച്ചു തുണച്ചു അർണോസ് പാതിരി സംസ്കൃതം വശമാക്കി!

ഇത്ര സമർപ്പണത്തോടെ നിഷ്ഠയോടെയും ഏകാഗ്രതയോടെയും നിർബന്ധ ബുദ്ധിയോടെയും ഈ മഹത്തായ ഭാഷ പഠിക്കാനാഗ്രഹിച്ചു വന്നവരെയാണ് ചാതുർവർണ്യം പരസ്യമായി വിലക്കി അകറ്റിനിറുത്തിയിരുന്നത്. ഇവിടെ വന്നു പാടുപെട്ടു സംസ്കൃതം പഠിച്ചു മലയാളം പഠിച്ചു കവിതയെഴുതുവാൻ ശ്രമിച്ച വിദേശ മിഷനറിമാരുണ്ടായിരുന്നതുകൊണ്ടാണ് *സമയമാം രഥത്തിൽ...* പോലുള്ള മനോഹരമായ Metaphor നമുക്കുണ്ടായത്. അതിൽ കാണിക്കയായി നമ്മുടെ വയലാർ അർപ്പിച്ച ഒരു വാക്കാണ് *തനിയെ.* ആദാനം, പ്രദാനം അങ്ങനെ വളർന്നതാണു നമ്മുടെ സംസ്കാരം.

മതം എന്നു പറയുന്നതിന്റെ പ്രാരംഭവിത്ത് Faith ആണ്. Faith എന്നതു വെറും വിശ്വാസമല്ല. അതിനപ്പുറത്തും Faith ന് പ്രകടിത രൂപങ്ങൾ ഉണ്ടാകും; Manifestations. അവയാണ് അനുഷ്ഠാനങ്ങൾ, rituals ആയി മാറുന്നത്. ആചാരങ്ങൾ ഉണ്ടാകുന്നതങ്ങിനെയാണ്. ഇതിന്റെയെല്ലാം അടിസ്ഥാനം Faith ആണ്. അതിന്റെ മീതെയുള്ള തലങ്ങളാണ് ആചാരങ്ങളും അനുഷ്ഠാനങ്ങളും. ജ്ഞാനസ്നാനം അത്തരമൊന്നാണ്. ബ്രാഹ്മണനാണെങ്കിൽ ഉപവിതം, പൂണൂൽ ഇടുവിക്കുക ഒരനുഷ്ഠാനമാണ്. ഹിന്ദുക്കൾക്ക് കാതുകുത്തുക ഒരാചാരമാണ്. ഇവയൊക്കെ പ്രത്യക്ഷമായ തലങ്ങളാണ്. ഇതിനുമപ്പുറത്ത് അതീതമായി മൂന്നാമതൊരു തലമുണ്ട്. അതിനെയാണ് നാം സംസ്ക്കാരം എന്നു വിളിക്കുന്നത്. ഒരു മതത്തിൽപ്പെട്ടവർക്കു മാത്രമല്ല, മറ്റു മതങ്ങളിലുള്ളവർക്കും ഇതു സ്വീകാര്യമാകും; സ്വീകരിച്ചാൽ നന്നെന്നു പറയാവുന്നതുമാകും. അതാണ് സംസ്കാരം.

ഞാനിപ്പോൾ ഒരാളിനോട് പറയുന്നു:

*നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം.*

*അതങ്ങു പള്ളിയിൽ പോയി പറഞ്ഞാൽ മതി* എന്നയാൾ പറയുമോ? എന്താ പറയാത്തത്?

ക്രിസ്തു മതത്തിൽ നിന്നും നമ്മുടെ പൊതുസമൂഹത്തിന് ലഭിച്ച സംസ്കാരത്തിന്റെ ചെറിയൊരുദാഹരണമാണ് ഈ പറഞ്ഞത്. ഇതൊരു മഞ്ചാടിക്കുരുവോ മാണിക്യമോ ആകട്ടെ, ഇത് കൂടി ചേർന്നാണു സംസ്കാരമാകുന്നത്.

നല്ല സൂക്തങ്ങളെ തെറ്റായും വ്യാഖ്യാനിക്കാം.

ഈ അടുത്തകാലത്ത് ഒരു കുട്ടി എന്നോടുപറഞ്ഞു:

*ദുഷ്ടൻ പന പോലെ വളരും എന്നല്ലേ? ദുഷ്ടനായാലും വേണ്ടില്ല, എനിക്കു പനപോലെ വളരണം.*

ദുർവ്യാഖ്യാനങ്ങളുടെ അപകടക്കെണി എല്ലാ മതത്തിലുമുണ്ട്.

മരുമകൻ നന്നാവട്ടെ എന്നു കരുതി ഒരു കാരണവർ അവനെ ഭാഗവതം പഠിപ്പിച്ചു. ശ്ലോകങ്ങൾ ഓരോന്നും വായിച്ച് അർത്ഥം പറഞ്ഞുകൊടുത്ത ശേഷം ചോദിച്ചു:

*എന്തു തോന്നുന്നു?*

*അമ്മാവനെ കൊല്ലണമെന്ന്!*

കംസനെ കൊന്നു ശ്രീകൃഷ്ണൻ എന്നതാണ് ദുർവ്യാഖ്യാനത്തിന് ന്യായം!

ഒരു Subjective mind, ആത്മനിഷ്ഠമായ ഒരംശം എന്നിലും നിങ്ങളിലുമുണ്ട്. അതിനെ സ്ഫുടം ചെയ്തെടുക്കുമ്പോഴാണ് സംസ്കാരം ദുർവ്യാഖ്യാനങ്ങളെ അതിജീവിക്കുന്നത് മുൻപേ സൂചിപ്പിച്ചതുപോലെ വിശ്വാസത്തിന്റെ ഈ മൂന്നാം തലമാണു സംസ്കാരം. ക്രിസ്തുവിശ്വാസത്തിൽ നിന്ന്, ആ മതത്തിന്റെ സംസ്കാരം വളരെയേറെ വാരിക്കോരി നമ്മുടെ സമൂഹത്തിന് ഹൃദയ വിശുദ്ധിയോടെ തന്ന ഒരു വലിയ മനുഷ്യനായിരുന്ന ചാവറയച്ചൻ.

മഹാഭാരതം കടൽപോലെ പരന്നതാണ്. എന്നുകരുതി അതിലെ പ്രസക്തഭാഗങ്ങൾ മാത്രം വായിച്ചാൽ മതിയോ? പോരാ; മുഴുവനും നിഷ്ഠയോടുകൂടി വായിക്കണം. പിന്നെ കൂടുതൽ താൽപര്യം തോന്നുന്ന ഭാഗം എത്ര തവണ വേണമെങ്കിലും ആവർത്തിച്ചു വായിക്കാം. സമഗ്രതയോടു ചേർന്നു തന്നെയാണ് ആ ഭാഗങ്ങൾ പ്രസക്തങ്ങളാകുന്നത്. ഞാൻ ഏറ്റവും താൽപര്യത്തോടെ വായിച്ചിട്ടുള്ള ഒന്നാണു *പഴയ നിയമം*. *പുതിയ നിയമം* ആകർഷിച്ചിട്ടില്ലെന്നല്ല. *പഴയനിയമ*ത്തിലെ പ്രഭാഷണങ്ങളാണെന്നും എന്നെ വശീകരിച്ചിട്ടുള്ളത്. ഓരോ ഭാഗവും ഓരോ വായനയിലും പുതിയ പുതിയ പൊരുളുകൾ തെളിച്ചു തരുന്നതായാണനുഭവം.

പഴയനിയമം മഹാഭാരതത്തോളം വലുതല്ല. പക്ഷേ മനുഷ്യസ്വഭാവത്തിന്റെ ഭിന്ന ഹസ്രങ്ങൾക്കത്രയുമുള്ള ഒരു സമഗ്രത പഴയ നിയമത്തിലുണ്ട്.

ദാവീദിന്റെ ജീവിതത്തിന്റെ രൂപാന്തരപ്രാപ്തി എന്നും എന്നെ വിസ്മയിപ്പിച്ചിട്ടുണ്ട്. വെറുമൊരു ആട്ടിടയനായിരുന്നു അയാൾ. ആ നിലയിൽ നിന്നും വളർന്നു വളർന്ന് അഭിഷിക്തനായി. അധികാരം മനുഷ്യനെ പ്രലോഭനങ്ങളിലേക്ക് നയിക്കുന്നു. വിശ്വസ്തനായ ഒരു യോദ്ധാവായിരുന്നു ഊറിയ. അയാളുടെ പത്നി ബെത്ശെബയെ സ്വന്തമാക്കുവാൻ വേണ്ടി ഊറിയയെ യുദ്ധക്കളത്തിൽ മരണമുഖത്തേക്കയക്കുന്ന ദാവീദ്, ബെത്ശെബയെ സ്വന്തമാക്കി. ഒടുവിലൊടുവിൽ ശാന്തിയും സ്വാസ്ഥ്യവും നഷ്ടപ്പെട്ട് ദാവീദ് എത്തിച്ചേരുന്ന ഒരു തലമുണ്ട്. അവിടെ മറ്റൊരു ദാവീദിനെയാണു നാം കാണുന്നതും. ആ ദാവീദിനെയാണ് പലപ്പോഴും നിങ്ങളും ഞാനും ഉദ്ധരിക്കുന്നത്. സങ്കീർത്തകാരനിലേക്കുള്ള ദാവീദിന്റെ ഈ രൂപാന്തരപ്രാപ്തി, ഒരു Metamorphosis ആണ്. ഒരു Rustic youth എന്ന തലത്തിൽ നിന്ന് ഒരു മനുഷ്യൻ അധികാരത്തിന്റെ തലത്തിലേക്ക് വരുന്നു. നാനാതരത്തിലുള്ള പ്രലോഭനങ്ങൾക്ക് വഴങ്ങി അരുതാത്തതെല്ലാം ചെയ്തുകൂട്ടി അവസാനം താഴെ വന്നു, താഴെ നിന്നു മുകളിലേക്ക് നോക്കുന്ന ഒരാളായി മാറി സങ്കീർത്തനങ്ങൾ പാടുന്നു.

ഇവിടെയാണ് *പ്രപഞ്ചമേ നീയും ഞാനും തമ്മിൽ എന്ത്?* എന്ന ചോദ്യം അർത്ഥം പ്രസക്തമാകുന്നത്.

സ്വാമി വിവേകാനന്ദനോടു ബംഗാളിൽ വച്ചൊരു ചെറുപ്പക്കാരൻ പറഞ്ഞു:

*സ്വാമിജി, അങ്ങയുടെ കൈയ്യും കെട്ടി തലേക്കെട്ടുമായി നിൽക്കുന്ന ഫോട്ടോ എല്ലാ വീട്ടിലും കണ്ടിട്ടുണ്ട്. എനിയ്ക്കൊരു മോഹം. എനിക്കും സ്വാമിയെപ്പോലെ ആകണം.*

സ്വാമിയ്ക്കു കാര്യം മനസ്സിലായി.

*നിനക്കാഗ്രഹമുണ്ടോ?*

*ഉവ്വ്.*

*എങ്കിൽ ഓരോ ആഗ്രഹവും സാധിക്കണം. അതിനിടയ്ക്ക് കുഴപ്പങ്ങളൊന്നും കൈവരരുത്. ആദ്യം ഓരോ ആഗ്രഹവും റിയലിസ്റ്റിക് ആയിട്ടെഴുതി വച്ച് പിന്നെ ഒന്നൊന്നായി സാധിക്കണം. അങ്ങനെ അവസാനത്തെ ആഗ്രഹവും സാധിച്ചു കഴിയുമ്പോൾ നീ തനിയെ ഇവിടെ വരും!*

എല്ലാ ആഗ്രഹങ്ങളുടെയും അന്ത്യമാണു *സങ്കീർത്തനം*. അതെഴുതിയ ദാവീദിന്റെ പൂർണ്ണശോഭമായ മറ്റൊരു ഭാവാന്തരമാണ് *പാട്ടുകളുടെ പാട്ടെഴുതിയ* സോളമൻ. (ഷാളോമോൻ എന്നാണു ശരിയായ ഉച്ചാരണം)

ആദാനപ്രദാനങ്ങളിലൂടെ ഏതു മതത്തിന്റെയും ആത്യന്തികമായ നന്മ പ്രസരിച്ചെത്തുന്ന സംസ്കാര തലത്തിൽ പലർക്കും കൊണ്ടും കൊടുത്തും വളരാം. സമന്വയിക്കാം, സ്വാംശീകരിക്കാം, സഹിഷ്ണുതയിലും നന്മയിലും വളരാം. അതാണ് ചാവറയച്ചൻ എനിക്ക് നൽകുന്ന സന്ദേശം.

ഞാൻ ജന്മനാ എന്താണോ എന്നുള്ളതിനതീതമായി എന്റെ മനസ്സിൽ ഇങ്ങനെയൊരു മനസ്സു പ്രവഹിച്ചെത്തി എന്നെ രൂപാന്തരപ്പെടുത്തുന്നു. അങ്ങനെ പ്രവഹിച്ചെത്തിച്ച മഹാത്മാക്കളുടെ കൂട്ടത്തിൽ ചാവറയച്ചനുണ്ട്, ഗാന്ധിജിയും ടാഗോറും ഉണ്ട്. ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിൽ ഇരുന്നു കൊണ്ടെഴുതുവാൻ മൂലക്കുരുവിന്റെ വേദന മൂലം കഴിയാതെ വന്നപ്പോൾ താൻ നിന്നുകൊണ്ടെഴുതി എന്നു പറഞ്ഞ കാറൽ മാർക്സ് ലോകത്തിലെ സകല മനുഷ്യരുടെയും മോചനത്തിനായി ആത്മാർത്ഥമായി ശ്രമിച്ച വ്യക്തിയായാണ് ഈ നിരയിൽ ചേരുന്നത്. കാറൽ മാർക്സിനെ സ്നേഹി ക്കുന്ന ഒരു മനസ്സുകൊണ്ട് ചാവറയച്ചനെ സ്നേഹിക്കുകയോ എന്ന ചോദ്യ ഭാവത്തിൽ പുരികം ചുളിക്കുന്നവരുണ്ടാകും. എല്ലാവരുടെയും നന്മകളാണു സ്വാംശീകരിക്കേണ്ടതെന്നാണു ഞാൻ വിശ്വസിക്കുന്നത് ആരെയും തിന്മ യുടെ മൂർത്തിയായി കാണാതിരിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്.

നന്മയും തിന്മയും നമ്മളിൽ തന്നെയുണ്ട്. വേർതിരിച്ചറിയുന്നതിലാണു വിവേകം. അതിൽ നന്മയെ വളർത്തിയെടുക്കുവാൻ ശ്രമിക്കുന്നതിലൂടെയാണ് മനുഷ്യൻ മനുഷ്യനോളം വലുതാകുന്ന ഭാഗവും. അങ്ങിനെ വലുതാവാ നാണ് ചാവറയച്ചൻ പഠിപ്പിച്ചതും. നമ്മിൽ തന്നെയുള്ള നന്മയെ കണ്ടെത്തി വളർത്തിയെടുക്കുവാനുള്ള ശ്രമങ്ങൾക്ക് ചാവറയച്ചനെപ്പോലുള്ള പുണ്യാ ത്മാക്കളെക്കുറിച്ചുള്ള പഠനം സഹായിക്കുന്നു. അവർ സഞ്ചരിച്ചിരുന്ന വഴി കളെക്കുറിച്ചുള്ള അനുധ്യാനം എന്നും പ്രചോദനമാണ്. അതു നമ്മിൽ പ്രത്യാ ശയും വിശ്വാസവും വളർത്തുന്നു.

അന്തമറ്റ സുകൃതഹാരങ്ങൾ കർമ്മംകൊണ്ട് കാലത്തിന്റെ അന്തരാത്മാ വിലർപ്പിച്ച ചാവറയച്ചന്റെ പവിത്രസ്മരണയ്ക്കു എന്റെ ഹൃദയപ്രണാമം! ■

(തിരുവനന്തപുരം സെനറ്റ് ഹാളിൽ 2012 മെയ് 19ന് നടത്തിയ ചാവറ അനുസ്മരണ പ്രഭാഷണം)